(ഡി) ഇല്ല.

(ഇ) ആകെ 68 ക്ലിനിക്കുകളുണ്ട്. ശരാശരി 107 രോഗികളെ അവിടെനിന്ന് ചികിത്സിക്കാറുണ്ട്.

(എഫ്) 109.

(ജി) ഇരുപതു കിടക്കകളുള്ള ഒരു കെട്ടിടവും, ഒരു തിയേറ്ററും പുതുതായി പണിയുന്നുണ്ട്. പതിനാറു കിടക്കകളുള്ള മലേറിയ ഷെഡ്ഡും പുതുക്കി പണിയുന്നു.

ഉപഷാപ്പുകൾ.

* 350. [47] ശ്രീ. എ. സി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ സംസ്ഥാനത്തു ഉപഷാപ്പുകൾ നടന്നുവരുന്നതായി പരാതികൾ ലഭിച്ചിട്ടില്ലേ ;

(ബി) തൊടുപുഴ താലൂക്കിൽനിന്നും ഇതിനകം എത്ര പരാതികൾ കിട്ടിട്ടുണ്ട്; എന്തു നടപടികൾ എടുത്തു ;

(സി) ഇപ്പോഴും നടന്നുവരുന്ന ഈ പ്രസ്ഥാനത്തിൽ ഒരുവിധി വരുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ചോദ്യത്തിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരം, ഏതു കാലത്തേക്കാണെന്ന് വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ ഉത്തരം പറയാൻ നിവൃത്തിയില്ല.

(സി) ഗവണ്മെൻറിലേക്ക് കിട്ടിയിട്ടുള്ള അറിവ് ഇപ്പോൾ ഉപഷാപ്പുകൾ നടക്കുന്നില്ലെന്നാണ്. ഇതിനു വേണ്ട നടപടികൾ ഡിപ്പാർട്ടുമെൻറിൽനിന്നും എടുത്തിട്ടുണ്ട്.

മിനിമം വേജസ്.

* 351. [49] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടാർ തൊഴിലാളികളുടെ മിനിമം വേജസ് ഗവണ്മെൻറിൽനിന്ന് പ്രഖ്യാപിച്ചിട്ട് ആറുമാസമായിട്ടുണ്ടോ? എത്ര മാസമായി;

(ബി) ഇതിനകം ഈ പ്രഖ്യാപനം നടപ്പിലാക്കുന്നതിനു ഗവണ്മെൻറിൽനിന്നു എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ;

(സി) ആകെയുള്ള മോട്ടാർ തൊഴിലാളികളിൽ എത്ര ശതമാനത്തിനു ഇതിനകം മിനിമംവേജസ് ലഭിച്ചിട്ടുണ്ട് ;

(ഡി) ബാക്കിയുള്ളവർക്കുകൂടി ലഭിക്കുന്നതിനു ഗവണ്മെൻറിൽനിന്നു എന്തുനടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പബ്ലിക്ക് മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളികളുടെ മിനിമംവേജസ് ക്ലിപ്പ്പ്പെടുത്തിയിട്ട ആദ്യസംഭവമായിരുന്നു ഒൻപതര മാസമായി.

(ബി) മിനിമംവേജസ് ഇൻസ്പെക്ടറന്മാരായ അസിസ്റ്റൻറ് ലേബർ കമ്മീഷണർമാർക്കും കൺസിലിയേഷൻ ആഫീസർമാർക്കും ലേബർ ആഫീസർമാർക്കും ഈ പ്രഖ്യാപനം ഊർജ്ജിതമായി നടപ്പിലാക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

(സി) മോട്ടോർ തൊഴിലാളികൾക്കെല്ലാം മിനിമംവേജസ് ലഭിക്കുന്നുണ്ടെന്നാണറിവ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

എൻ. ഇ. എസ്. ബ്ലോക്ക്.

* 352. [50] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ എൻ. ഇ. എസ്. ബ്ലോക്കുകൾ സ്ഥാപിക്കുന്നതിനു പകരം ഇന്നുള്ളവയുടെ പ്രവർത്തനപരിധി വ്യാപിപ്പിക്കുവാനാണോ ഗവണ്മെൻറ് ഉദ്ദേശിക്കുന്നത്;

(ബി) ഒരു എൻ. ഇ. എസ്. ബ്ലോക്കിൻറെ വിസ്തൃതി, ജനസംഖ്യ മുതലായവയ്ക്ക് എന്തെങ്കിലും പരിമിതികൾ ഉണ്ടോ;

(സി) ഉണ്ടെങ്കിൽ എന്ത്;

(ഡി) ഇന്നുള്ള എൻ. ഇ. എസ്. ബ്ലോക്കുകളുടെ പ്രവർത്തന പരിധി വിപുലമാക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ വൈക്കം താലൂക്കിനെ കൂടി മൂവാറ്റുപുഴ എൻ. ഇ. എസ് ബ്ലോക്കിൽപ്പെടുത്തുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ;

(ഇ) ഇല്ലെങ്കിൽ വൈക്കത്ത് ഒരു എൻ. ഇ. എസ്. കേന്ദ്രം അനുവദിക്കുവാൻ ശ്രദ്ധിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) അഞ്ചോ ആറോ പൂർണ്ണ പഞ്ചായത്തുകൾ ഉൾപ്പെട്ടതും ഉദ്ദേശം ഒരുലക്ഷം ജനസംഖ്യയുള്ളതുമായ പ്രദേശമായിരിക്കണം ഒരു ബ്ലോക്കായി കണക്കാക്കുന്നത്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) വൈക്കം താലൂക്കും എൻ. ഇ. എസ്സിൻറെ പരിധിയിൽ വരുന്നതാണ്. രണ്ടാം പഞ്ചവത്സരപദ്ധതി പൂർത്തിയാകുന്നതോടുകൂടി സംസ്ഥാനം മുഴുവനും എൻ. ഇ. എസ് സ്ഥാപിച്ചു കഴിഞ്ഞിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly